# തറയിൽ പെ. ബ. യൗസേപ്പച്ചൻ

കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ കാർലോസ് ലവീഞ്ഞ് അവർകളുടെ ആലോചനക്കാരിൽ ഒരുവനും കഴിഞ്ഞ കുംഭമാസം 11-ാംനു- മരണം പ്രാപിക്കുകയും ചെയ്തു തറയിൽ പെ. ബ. യൗസേപ്പ് പട്ടക്കാരനെക്കുറിച്ചുള്ള ഒരു ചുരുങ്ങിയ സൂചനമേ വിവരമായ അറിവ് കിട്ടായ്കയാൽ മുൻപ് ഒരു ലക്കത്തിൽ പ്രസ്താവിച്ചിട്ടുള്ളു. ഇദ്ദേഹം കൈപ്പുഴ പള്ളി ഇടവകയിൽ തറയിൽ എന്ന പേർപെട്ട ഗൃഹസ്ഥ കുടുംബത്തിൽ നിന്നുള്ളവനാകുന്നു. മിശിഹാകാലം 1855 മിഥുനം 21-ാംനു- പിറന്നു. ഇദ്ദേഹം അഞ്ചു കൂടപ്പിറപ്പുകളിൽ ഇളയവനും മാതാപിതാക്കന്മാരുടെ വാത്സല്യപുത്രനും ബുദ്ധികൂർമ്മത ഉള്ളവനും ആയിരുന്നു. ദൃഢത ആയപ്പോൾ ലൗകൈശ്വര്യത്തിൽ സംപൂർണ്ണമായി വളർത്തപ്പെട്ടിരുന്നു. എങ്കിലും അതിൽ തന്റെ മനസ്സിനെ പതിക്കാതെ ലോകം വെറുത്ത് ദൈവ ഊഴിയത്തിൽ ഉൾപ്പെട്ട് ദൈവസ്തുതിക്കും ആത്മാവുകളുടെ രക്ഷയ്ക്കുംവേണ്ടി തന്റെ ഈലോക ആയുസ്സിനെ പൂജിക്കണമെന്ന് നിശ്ചയിച്ചു. തന്റെ ഈ നിശ്ചയത്തെയും അപേക്ഷയേയും കാരണവന്മാരോട് പലപ്പോഴും അറിയിച്ചു. കടശ്ശി അവരുടെ സമ്മതത്തോടുകൂടി വരാപ്പുഴ പുത്തൻപള്ളി സ്ലീഹായ്ക്കടുത്ത സെമ്മിനാരിയിൽ 67-ാം കാലം ചിങ്ങമാസം 12-ാംനു- കൂടുകയും ചെയ്തു. പുണ്യത്തിലും പഠനത്തിലും എന്നുമാത്രമല്ല ഉത്തമ വൈദികനുവേണ്ടിയുള്ള സകലതിനും അതിനിപുണനെന്ന് ജഗൽപ്രസിദ്ധനും ഇപ്പോൾ വരാപ്പുഴ അതിമെത്രാസനത്തിൽ കോഅദ്യുത്തോർ മെത്രാനെന്നനാമത്തോടെ വാഴുന്ന ആളും ആയ ഡോക്ടർ മർസിലിൻ ദി സെൻറ് ത്രേസ്യാ എന്നദ്ദേഹം ആ സമയം ടി സെമ്മിനാരിയുടെ റെയിത്തോറും മല്പാനുമായിരുന്നു. ഈ ഉത്തമ അദ്ധ്യക്ഷന്റെ കീഴിൽ ടി ബ. യൗസേപ്പ് പട്ടക്കാരൻ തന്റെ പഠനകാലങ്ങളെ ഫലപ്രാപ്തിയോടുകൂടി കൂട്ടുകാരായ ശേഷം സെമ്മിനാരിക്കാർക്ക് സൽമാതൃകയോടും കഴിക്കയും ചെയ്തു. മേല്പറഞ്ഞ വിശിഷ്ട റെയ്ത്തോർ ഇദ്ദേഹത്തിന്റെ ആത്മപിതാവും ഗുരുഭൂതനുമായിരുന്നതിനാൽ തന്റെ ആയുഷ്ക്കാലത്തെ ദൈവഇഷ്ടത്തിൽ കാത്ത് നിലനിറുത്തുന്നതിനും തക്കതായ അപൂർവ്വ പുണ്യസ്ഥിരതയേയും തന്റെ ദൈവിക തൊഴിലിനെ ഉത്തമവിധമായി നിറവേററുന്നതിന് ആവശ്യപ്പെട്ട ശാസ്ത്രങ്ങളായ തർക്കശാസ്ത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം, ധർമ്മശാസ്ത്രം, മുതലായ പഠനങ്ങളെ ലത്തീൻ ഭാഷയിൽ വെടിപ്പായി പഠിക്കുകയും ഇതിനാൽ സ്വദേശഭാഷകൾ എന്നുമാത്രമല്ല പള്ളിക്കടുത്ത മുഖ്യഭാഷകളായ സുറിയാനി, ലത്തീൻ എന്ന ഈ ഇരുഭാഷകളിലും നിപുണനായിരുന്നു. ഈവണ്ണമുള്ള തന്റെ സുശീലത്തെയും സുകൃതമുറയേയും ശാസ്ത്രനിപുണതയെയുംകണ്ട് ഇപ്പോൾ വരാപ്പുഴ അതിമെത്രാസനം ഭരിച്ച് വാണുവരുന്ന ഡോക്ടർ ലെയാണാർദ്ദ് സെൻറ് അലോഷ്യസ് മെത്രാപ്പോലീത്താ അവർകളാൽ 1880 കന്നിമാസം 21-ാംനു- ഗുരുപ്പട്ടം ഏല്ക്കുകയും ടി മാസം 30-ാംനു- മാന്നാനംപാടി പുത്തൻപള്ളിയിൽവച്ചു മഹാഭക്തിവിനയത്തോടുകൂടെ ആദ്യപൂജ അണയ്ക്കുകയും ചെയ്തു. ഇതിന്റെശേഷം കല്പനപ്രകാരം പല ഇടവകകളിൽ വികാരിത്വത്തിനടുത്ത തന്റെ ദൈവിക തൊഴിലിന് തനിക്കു ഏല്പിക്കപ്പെട്ട ജനങ്ങളുടെ അതിശയമായ ജ്ഞാനപ്രയോജനത്തോടുകൂടെ സ്തുത്യമായി കാലാവസ്ഥ, ദേശാവസ്ഥ, ദേഹാവസ്ഥ എന്നിവയൊന്നും പ്രമാണിക്കാതെ നിറവേററി വന്നതിനാൽ തന്റെ ജീവിതകാലം മുഴുവനും ഈ വേലയിൽ നിന്ന് തന്റെ മേല്പട്ടക്കാരൻ തന്നെ ഒഴിച്ചിട്ടില്ല. ഈവണ്ണം തന്റെ തൊഴിലുകളെ യഥോചിതമായി നിറവേററിവരുന്ന സമയം 88 മേടത്തിൽ കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ ഡോക്ടർ എ. പെ. പെ. ബ. കാർലോസ് ലവീഞ്ഞ് എന്ന ഉത്തമ പാലകൻ വരികയും ശുദ്ധമാനസിംഹാസനത്തിന്റെ നിയമപ്രകാരം നാലു ആലോചനക്കാരെ തിരഞ്ഞെടുത്ത കൂട്ടത്തിൽ ന്യായമായും ഇദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ മാനവും പ്രയാസവുമുള്ള ഉദ്യോഗത്തെ വിശ്വാസമായിട്ടും കപടമില്ലാതെയും ക്രമമായി വഹിച്ചുകൊണ്ടുവന്നതിനാൽ ജനത്തിന്റെ പൊതുപ്രീതിയെയും തന്റെ മേല്പട്ടക്കാരന്റെ വിശേഷസ്നേഹത്തെയും കാടാക്ഷത്തെയുംഎളുപ്പമായി നേടുകയും ചെയ്തു. കുംഭമാസം 3-ാംനു- ഒരു പ്രത്യേക സംഗതിവശാൽ വണ്ടിയിൽ യാത്രചെയ്തതിൽ വഴിമേൽ വച്ച് എന്തോ കുതിര വിരണ്ട് വണ്ടി പൊക്കമുള്ള പാതയിൽ നിന്ന് താഴത്തോട്ടുവീഴുന്നതിനുള്ള അടുത്ത യോഗ്യം കണ്ട് ഭ്രമിച്ച് വണ്ടിയിൽനിന്നും ചാടുകയും ആ ചാട്ടത്തിൽ നിർഭാഗ്യവശാൽ വലത്തു കാലിന് വലിയകേടു തട്ടുകയും ഉടനെ കോട്ടയം ആശുപത്രിയിൽ കൊണ്ടുപോകയും അപ്പാത്തിക്കരി വളരെ താല്പര്യമായി വച്ചുകെട്ടി ചികിത്സിക്കയും ചെയ്തു. എന്നാൽ കാലിന്മേൽ തട്ടിയ മുറിവ് മരണത്തിനടുത്തതായിരുന്നതിനാൽ ചികിത്സ നിഷ്ഫലമാകകൊണ്ട് ഗുണമുണ്ടാകാനിടയില്ല. ഇതിനാൽ ഇതിനിടയിൽ കിഴക്കേ ഇൻഡ്യായുടെ ഡെലഹാദ് അപ്പസ്തോലിക്കാ ആയ എ: ഉന്നത ഡോക്ടർ അന്ത്രയോസ് അജൂത്തി അവർകൾ കോട്ടയത്തുവരുകയും ഈ ദുഃഖകരമായ സംഗതി അറിഞ്ഞു വികാരി അപ്പസ്തോലിക്കാ അവർകളോടും തന്റെ പരിവാര സഹിതം ആശുപത്രിയിൽ എഴുന്നെള്ളി രോഗിതനായ ഈ ബ. പട്ടക്കാരനെ വന്നു കണ്ട് ആശ്വാസത്തിനടുത്ത പലഗുണദോഷങ്ങളും പറഞ്ഞുകൊടുത്ത് സ്ലീഹായ്ക്കടുത്ത വാഴ്വ് കൊടുക്കയും 10-ാംനു- ആയ പിറെറദിവസം കോട്ടയം മെത്രാനവർകൾ തന്റെ പരിവാര സഹിതം ആശുപത്രിയിൽ എഴുന്നെള്ളി താൻ തന്നെ വളരെ കണ്ണുനീർചൊരിഞ്ഞുകൊണ്ടും അന്ത്യകൂദാശകൾ കൊടുക്കുകയും കടശ്ശി അന്യോന്യസ്നേഹം അ

* 1064-ാം മാണ്ട് മേടമാസം 4-ാം തീയതിയിലെ മാന്നാനം ഗൊവേന്തയിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിരുന്ന നസ്രാണി ദീപികയിൽ ഉണ്ടായിരുന്ന ലേഖനത്തിന്റെ ശരിപ്പകർപ്പ്.

പ്പനും മകനും എന്ന വിധത്തിൽ തമ്മിൽ ചുംബനം ചെയ്തു് മൗനവ്രതമായി് പിന്തിരിയുകയും ചെയ്തു. ഈ കർമ്മാനുഷ്ഠാനസമയം ദുഖകാരമായികാഴ്ച കൂടിയിരുന്ന മഹാജനത്തെ ഇളക്കിദുഃഖിപ്പിക്കുകയും ചെയ്തു. അപ്പോൾതന്നെ ആശുപത്രിയിൽനിന്നും സ്വന്തം ഗൃഹത്തിലേയ്ക്കു് കൊണ്ടുപോരികയും. 11–ാംനു- വെളുപ്പിനു് തന്റെ 33½ വയസ്സിൽ നല്ല വെളിവോടും സമാധാനത്തോടും കൂടെ തന്റെ സൃഷ്ടിതാവിന്റെ തൃക്കരങ്ങളിൽ ആത്മാവിനെ കയ്യാളിക്കയും ചെയ്തു. ഈ ബ. പട്ടക്കാരന്റെ കബറടക്കത്തിനു് സാമാന്യം എങ്ങും ഉണ്ടാകുമാറാകുന്ന ആഘോഷങ്ങൾ ഒഴികെ ഈ മരണവർത്തമാനം അറിഞ്ഞു് പെ. പെ. ബ. മെത്രാനച്ചൻ അവർകൾ തന്റെ വിശ്വസ്ത ആലോചനക്കാരനായ ഇദ്ദേഹത്തോടുള്ള തന്റെ സ്നേഹവും മതിപ്പും പ്രസ്താവിക്കുന്നതിനുവേണ്ടി തന്റെ ബ. ആലോചനക്കാർ സമേതം കോട്ടയം അരമനയിൽനിന്നും പുറപ്പെട്ടു് കബറടക്കം നടക്കുന്ന കൈപ്പുഴ പള്ളിയിൽ എഴുന്നെള്ളുകയും താൻതന്നെ കബറടക്കത്തിന് മുൻപുള്ള വ്യാകുല പ്രസംഗം പറയുകയും ഈ പ്രസംഗസമയം ദുഃഖാധിക്യത്താൽ പലപ്രാവശ്യം പ്രസംഗം നിന്നുപോകയും ഒരു പ്രാവശ്യം അദ്ദേഹത്തിന്റെ ദുഃഖത്തിന്റെ ഏററത്താൽ പ്രസംഗം മുന്നോട്ടു കയറുവാൻ അശക്തനായി തന്റെ ദുഃഖത്തിനുതന്നെ അയച്ചുകൊടുത്ത കണ്ണുനീരാൽ നനഞ്ഞിരുന്ന വെള്ളലേസുകൊണ്ടു് തന്റെ മുഖംമൂടി പുഷ്പത്തിന്റെ പടിമേൽ തന്റെ മുഖത്തെ പതിച്ചുകൊണ്ടും ഏഴെട്ടു വിനാഴികയോളം മിണ്ടടങ്ങി നിന്നശേഷം വീണ്ടും തുടങ്ങി മഹാപ്രയാസത്തോടുകൂടെ അതിനെ മുഴുപ്പിക്കുകയും ചെയ്തു. കബറടക്കത്തിന് നാനാദേശത്തിൽനിന്നും വന്നുകൂടിയ അസംഖ്യം ജനം ഈ ദുഃഖകരമായ പ്രസംഗസമയം വാവിട്ടു് നിലവിളിക്കുകയും ചെയ്തു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതിന്റെശേഷം ശവസംസ്കാരത്തിനു് സുറിയാനി ക്രമത്തിലുള്ള ദീർഘമായ ആ കർമ്മസമയം മുഴുവനും മെത്രാനവർകൾ തന്റെ അംശത്തോടുകൂടി പള്ളിയിൽവന്നു് തന്റെ സിംഹാസനത്തിങ്കൽ ഇരിക്കയും നഗരി കാണിക്കുന്നതിനുള്ള പ്രദക്ഷിണത്തിൽ തന്റെ സ്ഥാനമാനപദവികളോടുകൂടെ വളരെ ഗുരുപ്പട്ടക്കാരാലും ശെമ്മാശന്മാരാലും ശുശ്രൂഷപ്പെട്ടു് കൂടെ ഇറങ്ങുകയും അതിന്റെ കടശ്ശിയിൽ ലത്തീൻ പ്രകാരമുള്ള കർമ്മങ്ങൾ മെത്രാനവർകൾതന്നെ കഴിച്ചും, കടശ്ശിയായി തന്റെ തിരുമോതിരം മുത്തിച്ചും കണ്ണുനീരാൽ നനഞ്ഞ മുഖത്തോടുകൂടെ തനിക്കു് ആസ്ഥാനമാക്കിയിരുന്ന മുറിയിൽ ചെന്നു് മൗനവ്രതമായിരിക്കുകയും ചെയ്തു. ശവസംസ്കാരവും മററു കഴിഞ്ഞുടൻ 5 മണിയോടുകൂടി മാന്നാനത്തു ഗൊവേന്തയിലേയ്ക്കു് പിന്തിരിയുകയും ചെയ്തു. 12–ാംനു- ആയ പിറെറ ദിവസി അതികാലമെ ഗൊവേന്തയിൽ നിന്നും പുറപ്പെട്ടു് കൈപ്പുഴപള്ളിയിൽ വീണ്ടുംവന്നു് തന്റെ വാത്സല്യ ആലോചനക്കാരനായ ബ. യൗസേപ്പ പട്ടക്കാരന്റെ കബറടക്കത്തിങ്കൽ അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി പൂജ അണക്കയും അവിടെനിന്നും പിന്തിരിയുന്ന സമയം ഈ മരിച്ച പട്ടക്കാരന്റെ വീട്ടിൽകയറി ദുഃഖിതരായ ആ വീട്ടുകാരെ ആശ്വസിപ്പിച്ചു് ഗൊവേന്തയിലേക്കു് പിന്തിരിഞ്ഞു പോകയും ചെയ്തു. ഈ ബ പട്ടക്കാരന്റെ ആയുഷ്ക്കാലത്തിൽ ദൈവത്തിന്റെ സ്തുതിയും ബഹുമാനവും വിശ്വാസമായി അന്വേഷിച്ചുവന്നതിനാൽ സർവ്വേശ്വരൻ തന്റെ വിശ്വസ്ത ഊഴിയക്കാരനായി ഇദ്ദേഹത്തെ അസാമാന്യ വിധത്തിൽ ബഹുമാനിപ്പാൻ തിരുമനസ്സായി എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ആകയാൽ ഇദ്ദേഹത്തെക്കുറിച്ചു് ചുരുങ്ങിയ തന്റെ ആയുസ്സുകാലംകൊണ്ടു് ഏറിയ ആണ്ടുകളുടെഫല പൂർണ്ണിതനായി മൃതൃഭവിച്ചു എന്നു് ബോധജ്ഞാനിയായ സ്ലേമോന്റെ ഈ വാക്യത്തെ ന്യായമായി പറയേണ്ടിയിരിക്കുന്നു.

## അനുബന്ധം

നസ്രാണി ദീപികയിലെ മേൽകാണിച്ചിരിക്കുന്ന പ്രസിദ്ധീകരണം കൂടാതെ, തറയിൽ പെ. ബ. ചാക്കൊ യൗസേപ്പ കത്തനാരുടെ ഭവനത്തിൽ സൂക്ഷിച്ചിരിക്കുന്ന കുടുംബചരിത്രത്തിൽ കാണുന്ന ചില വിശദീകരണങ്ങൾ.

### 1. ദൈവവിളി

43–ാം ആണ്ടു് ഇടവത്തിൽ ടി യൗസേപ്പിനു പട്ടസ്വത്തിനു പഠിക്കണമെന്നുള്ള താല്പര്യവും അപ്പൻ തൊമ്മി ചാക്കോയ്ക്കു് യൗസേപ്പിനു 16 വയസ്സു വരട്ടെ, എന്നു പറഞ്ഞുവരുന്നതിനെ നിർബന്ധിച്ചു് ടി യൗസേപ്പ് സ്വന്ത ഇടവകയിൽ വികാരി മാക്കീൽ യൗസേപ്പ് കത്തനാരച്ചനെയും മലമേൽ ബ. യാക്കോബു കത്തനാരച്ചനെയും കുടിലിൽ ബ. മത്തായി കത്തനാരച്ചനെയും പറഞ്ഞു സമ്മതിപ്പിച്ചു് ടിയാർവന്നു അപ്പനെ സമ്മതിപ്പിച്ചു. 1043–ാം ആണ്ടു് കർക്കടകം 15-ാം തീയതി മലയിൽ യാക്കോബു കത്തനാരു് പഠിത്തത്തിനായി മാന്നാനം കൊവേന്തയിൽ കൊണ്ടുചെന്നാക്കുകയും ചെയ്തു 13 വയസ്സു പ്രായമായ യൗസേപ്പിന്റെ എണ്ണൽ തീരുന്നതുവരെ ടി കൊവേന്തയിലെ വടക്കു പുറത്തെ ഗൊവെന്തയിൽ 22 ദിവസം താമസിപ്പിച്ചു. എണ്ണൽ മുഖാന്തിരം അവിടെനിന്നു വീട്ടിൽ പോരികയും ചെയ്തു. പിന്നീടു വീട്ടിൽ വന്നിട്ടും മാന്നാനത്തിൽ താമസിച്ചാൽ വീട്ടുകാരെയും തറപ്പടിക്കാരെയും ഞായറാഴ്ചതോറും പള്ളിയിൽ കണ്ടിട്ടുള്ള എണ്ണലും ഇളക്കവുംകൊണ്ടു് പോരുന്നതിനിടയായതിനാൽ വരാപ്പുഴ പുത്തൻപള്ളി സെമ്മിനാരിയിൽപോയി പഠിക്കണമെന്നു് അപ്പൻ മുതൽപേരോടു് മുട്ടിക്കയും പതിനാറുവയസ്സുപ്രായം വന്നിട്ടു് ആക്കിക്കൊള്ളാമെന്നു് അപ്പൻ പറകയാൽ മേൽപറഞ്ഞ മലയിലച്ചനെയും ബ. കുടിലിൽ അച്ചനെയും ബ. മാക്കീലച്ചനെയും യൗസേപ്പുപോയി പലപ്പോഴും പറഞ്ഞു് വാശത്തം ചെയ്തു് തോമ്മാ ചാക്കോയുടെ അനുവാദം വാങ്ങി.

### അഞ്ചാംപട്ടം

1051–ാം ആണ്ടു് ഇടവമാസം 31–ാം തീയതി ടി ശെമ്മാശ്ശനു് മഞ്ഞുമ്മേൽ മുറിയിൽ വച്ചു് ടി മെത്രാപ്പോലീത്താച്ചൻ 5–ാം പട്ടം കൊടുത്തു. 1052–ാം ആണ്ടു് മകരം 1–ാം തീയതി കൈപ്പുഴപ്പള്ളിയിൽ കൊമ്പിരിയത്തിരുനാൾ, ടി തൊമ്മിചാക്കൊ കഴിക്കയിൽ പെരുനാൾ ദിവസം പെ. ബ. റൈത്തൊറച്ചനെ ബോധിപ്പിച്ചു് അനുവാദത്തോടുകൂടി ടി യൗസേപ്പ് ശെമ്മാശു് പെരുനാൾ പ്രസംഗം ചെയ്തു.

## 2. വൈദികനായശേഷം

1055–ാം മാണ്ടു് 55 മകരം 9–ാം തീയതി അപ്പൻ തൊമ്മി ചാക്കൊ മരിച്ചു. ടിയാൻെറ പേർക്കു് യൗസേപ്പച്ചൻ ചൊല്ലിയ റാസ എണ്ണം 40.

## 3. വികാരിത്വം

1056–ാംമാണ്ടു് തുലാമാസം 22–ാം തീയതി മുതൽ 57–ാംമാണ്ടു് കുംഭമാസം 15–ാം തീയതിവരെ കല്പനപ്രകാരം കോട്ടയം ഇടയ്ക്കാട്ടുപള്ളിയിൽ മാസം 6 രൂപാ ശമ്പളത്തിൽ വികാരിയായിരുന്നു. 1057–ാമാണ്ടു് കുംഭം 17–ാംതീയതി മുതൽ 1060–ാമാണ്ടു് ചിങ്ങം 28–ാം തീയതിവരെ കല്പനപ്രകാരം ആണ്ടിനാൽ കല്ലൂർക്കാടൻ പറയ്ക്കു് 100 പറ നെല്ലു ശമ്പളമായി സ്വന്തം ഇടവകപ്പള്ളിയിലിരുന്നു. 1060–ാമാണ്ടു് ചിങ്ങം 28 മുതൽ ടി വൃശ്ചികം 5–ാം തീയതി വരെ 67 ദിവസ്സ സ്വന്തം ഇടവകയിലിരുന്നു. 1060–ാമാണ്ടു വൃശ്ചികം 5–ാം തീയതി മുതൽ 62 വൃശ്ചികം 10–ാം തീയതി വരെ കല്പന പ്രകാരം മാസം 6 രൂപാ ശമ്പളമായി ഉഴവൂർ പള്ളിയിൽ വികാരിയായിരുന്നു. 1062 വൃശ്ചികം 10–ാം തീയതി മുതൽ ടിയാണ്ടു് ഇടവം 20–ാം തീയതി വരെ പുന്നത്തുറ പള്ളിയിൽ വികാരിയായിരുന്നു. ഇതിനിടയ്ക്കു് ബ്രഹ്മംഗലം പള്ളിയിൽ വികാരിയായി ഒരു മാസമിരുന്നു. 1063–ാമാണ്ടു് ഇടവം 20–ാം തീയതി മുതൽ എ. പെ. പെ. ബ കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ കാർലോസ് ലവീഞ്ഞുമെത്രാനച്ചൻെറ കല്പനപ്രകാരം കത്തീഡ്രൽ പള്ളിയായ കോട്ടയം ഇടയ്ക്കാട്ടുപള്ളിയിൽ 64 തുലാം 5–ാം തീയതി വരെ 5 രൂപാ ശമ്പളത്തിൽ വികാരിയായിരുന്നു. പിന്നീട്ടു മെത്രാനച്ചൻെറ ആലോചനക്കാരനായി.

### കുതിരവണ്ടി അപകടം

പെ. ബ. മെത്രാനച്ചൻെറ ആലോചനക്കാരനായി വേലനോക്കി വരുമ്പോൾ ഉഴവൂർ പള്ളിയിടവക എലവുങ്കൽ ആയ കാരക്കുന്നത്തു് എസ്തപ്പാൻെറ മകൾ മറിയത്തിനെ കെട്ടുന്ന കല്യാണത്തിനു് ചെല്ലണമെന്നു് അപേക്ഷ വരികയാൽ പെ. ബ. മെത്രാനച്ചൻെറ അനുവാദത്തോടുകൂടി 1064 മകരം 24–ാം തീയതി ഞായറാഴ്ചകാലത്തു് ഇടയ്ക്കാട്ടുപള്ളിയിൽ ചൊല്ലിയുംവച്ചു് കാലത്തു ഏഴുമണിയോടുകൂടി കുതിരകെട്ടിയ വണ്ടിയിൽ ടി യൗസേപ്പു കത്തനാരച്ചനും വാല്യക്കാരൻ തുടിഞ്ഞാലിൽ കുരുവിളയും വണ്ടിക്കാരനുംകൂടി പോകുംവഴി നീലിമംഗലത്തു പാലത്തിൻെറ കിഴക്കുവശത്തു ചെന്നപ്പോൾ കുതിര അടിക്കാരൻ മാത്തൻ കുതിരയെ അടിക്കുകയും കുതിര വിരണ്ടു് പൊക്കമുള്ള പാതയിൽ നിന്നും താഴത്തോട്ടു വീഴുന്നതിനുള്ള അടുത്തയോഗ്യം കണ്ടു് ഭ്രമിച്ചു് വണ്ടിയിൽനിന്നും ചാടുകയും ആ ചട്ടത്തിൽ നിർഭാഗ്യവശാൽ വലത്തുകാലിനു വലിയ കേടുതട്ടുകയും ആ കേടു് ടി കാലിൻെറ കണ്ണക്കാലുള്ള എപ്പിൽനിന്നു് ഒരു ഉരുളംപൊങ്ങി തഞ്ഞ ഉള്ളതിൽ ഒരെല്ലു കണ്ടിച്ചു മുറിപൊങ്ങിനിന്നതിനെകണ്ടു് പാലത്തുങ്കൽ കച്ചവടത്തിനായി വന്നിട്ടുള്ള കോട്ടയം താഴത്തങ്ങാടിയിൽ രണ്ടുപേർവന്നു വലിച്ചു് മുറിപ്പിടിച്ചുവച്ചു് കച്ചക്കറിയതുകെട്ടി ഉടൻതന്നെ മറുവണ്ടിയിൽ കയററി കോട്ടയം ആശുപത്രിയിൽ എത്തുകയും മുൻകൂട്ടി വാല്യക്കാരൻ കുരുവിള ഈ വിവരം നിധിരിക്കൽ മാണിക്കത്തനാരോടു പറഞ്ഞു.

## 4. ശവസംസ്കാരയാത്രാസമയം

1064–ാമാണ്ടു് കുംഭം 1–ാം തീയതി തിങ്കളാഴ്ച വെളുപ്പിനു് 3½ മണിക്കു ബ യൗസേപ്പച്ചൻ പരലോക വാഴ്ച്ചു പോകുകയും ചെയ്തു. ഉടൻതന്നെ പെ. ബ. കോട്ടയം മെത്രാനച്ചനേയും കൈപ്പുഴ, കുടമാളൂർ, പള്ളികളുടെ ദർശനവും, കടുത്തുരുത്തി, കോട്ടയം, പുന്നത്തുറ, അതിരമ്പുഴ, കുമരകം, കണ്ണങ്കര, ഐക്കരച്ചിറ, നീണ്ടൂർ, ബ്രഹ്മംഗലം മുതലായ പള്ളികളിലറിയിച്ചു് 1–ാം തീയതി ആയ തിങ്കളാഴ്ചതന്നെ കബറടക്കം നടത്തണമെന്നു നിശ്ചയിച്ചു. കാലത്തു പട്ടംവെട്ടി കളിപ്പിച്ചു് ഉടുപ്പുകളിട്ടു് കത്തിദായ, പാലിക, മുതലായതുകെട്ടി തളത്തിൽ കിടത്തിയതിൻെറ ശേഷം ഏഴുമണിക്കു് വികാരി മണിമലഅച്ചനും മാക്കീൽ ലൂക്കാച്ചനും കല്ലറ പഴക്കാപ്പാക്കീൽ ശെമ്മാശനും കല്ലടാന്തിയിൽ ശെമ്മാശ്ശും കൂടി വലിയ ഒഫീസു പാടുകയും പട്ടക്കാരുടെ ചരുക്കത്തെക്കുറിച്ചു് വികാരി മണിമല അച്ചൻ പാട്ടുകർബാനചൊല്ലുകയും 11½ മണിക്കു് ഇടവക വെള്ളിക്കുരിശു രണ്ടും മരക്കുരിശു ഒന്നും തഴക്കട നാലും മുത്തുക്കുട രണ്ടും കൊടി ആറും നൂറിൽതാഴെ ഇടവക ദർശനക്കാരും മാക്കീൽ ലൂക്കാച്ചൻ കാപ്പയും കല്ലറ പഴക്കാ ശെമ്മാശ്ശും കല്ലടാന്തിയിൽ ശെമ്മാശ്ശും അമ്പത്തിയും ഉഴവൂർ വികാരി ബ. ഇല്ലിക്കലച്ചനും കടുത്തുരുത്തി താഴത്തുപള്ളിവികാരി ബ. മാമല യോഹന്നാൻ കത്തനാരച്ചനും ഐക്കരച്ചിറയിൽ വികാരി നെടുങ്ങോട്ടു അച്ചനും കൂടി ശവം എടുക്കുകയും മരങ്ങാട്ടു നിലത്തു ചെന്നപ്പോൾ കടുത്തുരുത്തി വലിയപള്ളി വികാരി ബ. മാക്കീൽ മത്തായി അച്ചനും വന്നു വളരെ സങ്കടത്തോടു കൂടുകയും ചെയ്തു. മുട്ടത്തുമ്യാലിൽ ചെന്നപ്പോൾ കോട്ടയം ഇടയ്ക്കാട്ടു പള്ളിയുടെ കുരിശും ശ്ലീഹാളും പാലികയും യോഗവും കൂടിവരികയും, പൊന്നാററിമ്യാലിൽചെന്നപ്പോൾ പുന്നത്തുറപള്ളി വികാരി നെടുന്തുരുത്തിൽ ബ. യൗസേപ്പച്ചനും വെള്ളിക്കുരിശും ശ്ലീഹാളും യോഗവും വന്നുകൂടുകയും പള്ളിയിൽ ചെന്നുടനേ കുമരകത്തു പുത്തൻപള്ളിയുടെ വികാരി ബ. ചെറുശ്ശേരിൽ ചമ്മാരച്ചനും വെള്ളിക്കുരിശും ശ്ലീഹാളും യോഗവും വന്നുകൂടുകയും മാപ്പേട്ടു തൊമ്മിക്കത്തനാരും കുന്നശ്ശേരിൽ ചാക്കൊ കത്തനാരും മാളിയേക്കൽ കുരുവിള കത്തനാരും പള്ളിയിൽ വന്നുകൂടുകയും ഉടൻതന്നെ 12 മണിക്കു് മാക്കീൽ ലൂക്കാച്ചൻ റാസചൊല്ലുകയും ശെമ്മാശന്മാർ രണ്ടും കാപ്പ ഇടുകയും നെടുന്തുരുത്തിലച്ചനും മണിമലയച്ചനും അമ്പത്തി ഉടുത്തും റാസ ചൊല്ലി. 1½ മണിയോടുകൂടി റാസ കഴിയുകയും അതിനിടയ്ക്കു് മാക്കീൽ അച്ചനും കുന്നശ്ശേരിൽ അച്ചനും മാമല അച്ചനും നെടുങ്ങോടിലച്ചനും കൂടി ഒരുമണിക്കൂറിടയിട്ടു് അന്ത്യദാ മുതലായ കർമ്മങ്ങളും കഴിക്കയും റാസ കഴിയാറായസമയം പെ. ബ. കോട്ടയം മെത്രാനും നിധിയിരിക്കൽ മാണിക്കത്തനാരച്ചനും പുളിങ്കുന്നു് ഇടവക ബ. പഴേപറമ്പിൽ ളൂയീസച്ചനുംകൂടി കോട്ടയം ബംഗ്ലാവിൽനിന്നു് 9 മണിക്കു വണ്ടിമേൽ പുറപ്പെട്ടു മാന്നാനത്തിൽവന്നു് വള്ളത്തിൽ കൈപ്പുഴ പള്ളിത്താഴെ ഇറങ്ങി കുരിശു മുതലായ സങ്ക

# വട്ടക്കളത്തിൽ മത്തായി അച്ചൻ

(ഫാ. മാത്യു ചെറുശ്ശേരിൽ)

വിദ്യാഭ്യാസം പാടെ ഇന്നു് അധ:പതിച്ചിരിക്കുന്നുവെന്നു് ആരും സമ്മതിക്കും. പഠിക്കേണ്ട കുട്ടികൾക്കു് പഠിക്കാൻ മനസ്സില്ല. പഠിപ്പിക്കേണ്ട അദ്ധ്യാപകരിൽ ബഹുഭൂരിഭാഗവും അവകാശങ്ങളിൽ വ്യാപൃതരായിരിക്കുന്നു. പഠിതാക്കൾക്കു സമരം, പഠിപ്പിക്കുന്നവർക്കു സമരം. ഈ സ്ഥിതിവിശേഷം എത്രനാൾ തുടരും! ആർക്കും നിശ്ചയമില്ല.

വിദ്യാഭ്യാസത്തോടുള്ള സമീപനം മുൻപും ഇങ്ങനെതന്നെയായിരുന്നില്ലേ എന്നു ഇന്നത്തെ വിദ്യാർത്ഥി ചോദിച്ചാൽ ഒരിക്കലും അങ്ങനെയിരുന്നില്ല, മറിച്ചു പഠിക്കാൻവേണ്ടി ഏതു ത്യാഗത്തിനും വിദ്യാർത്ഥി തയ്യാറായിരുന്നു എന്നു പറഞ്ഞാൽ അല്പം ആശ്ചര്യത്തോടെയല്ലേ അതു കേൾക്കുക! വീട്ടിൽ ദീർഘനേരം കത്തിക്കുന്നതിനു വിളക്കോ വഴിയിൽ ക്കുമേവിളികളോ ഇല്ലാതിരുന്ന കാലത്തു റോഡരികിലെ വഴിവിളക്കിൽ ഒരു ഗോവിണി ചാരി അതിൽ കയറിനിന്നു അർദ്ധരാത്രിയും കഴിഞ്ഞു പഠിച്ചുകൊണ്ടിരുന്ന കേരളത്തിലെ ഒരു വിദ്യാർത്ഥി പിൽക്കാലത്തു വിദ്യാഭ്യാസഡയറക്ടറായി സേവനം ചെയ്തെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.

കൊച്ചിയിൽനിന്നും കേവലം 10 മണിക്കൂർ കൊണ്ടു റോമിൽ ചെല്ലാവുന്ന ഇന്നത്തെ ജററുയുഗത്തിൽ മൂന്നുമാസം തുടർച്ചയായി കപ്പലിലിരുന്നു ആഫ്രിക്കാ ചുററി റോമിൽ ചെല്ലേണ്ട പഠനപര്യടനമാണു കുമരകം സ്വദേശി വട്ടക്കളത്തിൽ മത്തായി ശെമ്മാശ്ശനും കൂട്ടുകാരൻ മാക്കീൽ യൗസേപ്പു ശെമ്മാശനും 1888-ൽനടത്തിയതു്. വി. പൗലോസിൻെറ ലേഖനങ്ങളും നടപടി പുസ്തകവും വായിച്ചു പഠിച്ചിട്ടുള്ള ശെമ്മാശന്മാർ കപ്പൽ യാത്രയുടെ അപകടസാദ്ധ്യതകളെപ്പററി തീർത്തും ബോധവാന്മാരായിരുന്നു. പോരെങ്കിൽ അവർക്കു മുമ്പേ റോമിലേക്കു പോയിരുന്ന മലയിൽ യാക്കോബ് ശെമ്മാശൻ അവിടെവച്ചു മരണമടഞ്ഞ കാര്യവും അവർ അറിഞ്ഞിരുന്നു. ഉപരിപഠനത്തിനു ലഭിച്ച ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തുക എന്നുള്ളതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം. വരാപ്പുഴ സെമിനാരിയിലെ പഠനത്തിനു പുറമേ റോമിലെ പ്രൊപ്പഗാന്താ കോളജിൽ അവർ ഒൻപതുവർഷം പഠനം നടത്തി. ഇപ്പോഴത്തെ പിഎച്ച്. ഡി. ബിരുദവും മററും അന്നില്ലായിരുന്നു; അന്നുണ്ടായിരുന്ന ബി. ഡി. ബിരുദം അവർ കരസ്ഥമാക്കി.

സൂയസ്തോടു് തുറന്നതുമൂലം ഒരു മാസംകൊണ്ടു് അവർ സ്വദേശത്തു തിരിച്ചെത്തി. വട്ടക്കളത്തിൽ മത്തായി അച്ചൻ ചങ്ങനാശേരി അരമനയിൽ മാക്കീൽ മെത്രാൻെറ പ്രൈവററുസെക്രട്ടറിയായി നിയമിതനായി. മാക്കീൽ മെത്രാനച്ചനൊ അന്നു് ചങ്ങനാശേരിയിൽ ശനിദശയായിരുന്നു. ആ കാലസന്ധിയിലാണു വട്ടക്കളത്തിലച്ചൻെറ യഥാർത്ഥ വൈഭവം വികസിച്ചതു്. ഏതെതു കോളിളക്കങ്ങളുണ്ടാകട്ടെ, പ്രക്ഷോഭണങ്ങൾ നടക്കട്ടെ അവയോടു മല്ലുവെട്ടുകയും പ്രത്യുത സ്നേഹത്തിലും ക്ഷമയിലും ഒഴിഞ്ഞുമാററത്തിലു. കൂടെ തന്ത്രപൂർവ്വം മുന്നോട്ടുപോകാനല്ലാതെ സാഹചര്യം അനുവദിക്കുന്നില്ല എന്നു് ശരിക്കു മനസ്സിലാക്കി നീണ്ട പത്തു വർഷങ്ങൾ മാക്കീൽ മെത്രാനച്ചനോടും സെക്രട്ടറി ചൂളപ്പറമ്പിൽ ചാണ്ടിയച്ചനോടും ഒന്നിച്ചു് അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. അസാമാന്യനായ ഒരു തന്ത്രജ്ഞനും മിതഭാഷിയും എന്നു് അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നു. രണ്ടു രൂപതകൾക്കു് ഒരു മേലദ്ധ്യക്ഷൻ എന്ന ഏർപ്പാടു് വരാപ്പുഴയും എറണാകുളത്തും ഏറെക്കുറെ വിജയിച്ചുകൊണ്ടിരുന്നതെങ്കിലും അതു ചങ്ങനാശേരിയിൽ നടപ്പില്ല എന്നു് അദ്ദേഹം മനസ്സിലാക്കി. അതുതന്നെ തരം, കോട്ടയം രൂപതയ്ക്കു സ്വന്തമായി ഒരു മെത്രാനെ ലഭിക്കാനുള്ള സുവർണ്ണാവസരം, ഇതുതന്നെ, അതിനുള്ള കരുക്കൾ വാർത്തെടുക്കുന്നതിലായിരുന്നു അദ്ദേഹം ദത്തശ്രദ്ധനായിരുന്നതു്. ആദ്യത്തെ മൂന്നു സുറിയാനി മെത്രാന്മാർ കൂടി പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേക്കു സമർപ്പിച്ച പെറീഷൻ തയ്യാറാക്കുന്നതിൻെറ പുറകിൽ വട്ടക്കളത്തിലച്ചൻ പ്രവർത്തനനിരതനായിരുന്നു. പ്രസ്തുത അപേക്ഷ റോമിലേക്കു് അയച്ചതുകൊണ്ടു പ്രയോജനമൊന്നുമുണ്ടാകാൻ പോകുന്നില്ല അതുകൊണ്ടു നേരിട്ടുപോയി സമർപ്പിക്കയാണു വേണ്ടതു് എന്നു കണ്ടുകൊണ്ടു അതിനുള്ള നീക്കങ്ങളാരംഭിച്ചു. എന്തിനു് 1911-ൽ മാക്കീൽമെത്രാനച്ചനോടൊരുമിച്ചു റോമിലേക്കു യാത്രതിരിച്ചതു വട്ടക്കളത്തിലച്ചനും ചൂളപ്പറമ്പിൽ ചാണ്ടിയച്ചനുമായിരുന്നു. മെത്രാന്മാർ ഒപ്പിട്ടിട്ടുള്ള അപേക്ഷയിൽ പ്രശ്നപരിഹാരാർത്ഥം മൂന്നു നിർദ്ദേശങ്ങൾ ഉന്നയിച്ചി

---

ടത്തിൻെറ എതിരേൽപോടുകൂടി പള്ളിവാതുക്കൽ വന്നു് സങ്കടത്തോടുകൂടി, മരിച്ചുപോയ യൗസേപ്പച്ചനെ കണ്ടു് സിംഹാസനത്തിൽ മുട്ടുകുത്തി അപേക്ഷിച്ചു.

5. ശവസംസ്കാരത്തിനു പിറേറദിവസം

പെ. പെ. ബ. മെത്രാനച്ചൻ മാന്നാനത്തിൽ നിന്നുവന്നു് കറുത്ത ഉടുപ്പിട്ടു പൂജയണച്ചു് കാപ്പി കഴിഞ്ഞു വള്ളത്തിൽ മാന്നാനത്തു പോകുംവഴി, മരിച്ച യൗസേപ്പച്ചൻെറ കുടുംബത്തിൽകയറി ടിയാരുടെ തള്ള മുതലായ കുടുംബക്കാരെ എല്ലാവരേയും മുൻപാകെ വരുത്തി മരണത്തിനുതക്ക ഗുണദോഷങ്ങളും വിശേഷാൽ തള്ളയോടു കല്പിച്ചതായതു് "മകൻ മോക്ഷത്തിൽപോയി തള്ളയ്ക്കു ഇടപിടിക്കുന്നതിനാണെന്നും" മററു ഗുണദോഷങ്ങൾ കല്പിച്ചു് മാന്നാനത്തിലേയ്ക്കു് പെ. ബ. കോട്ടയം മെത്രാനച്ചനും ബ. ളുയീസച്ചനും പിന്തിരിയുകയും ചെയ്തു.